# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1496 — 03.12.2018 -ൽ മറുപടിക്ക്

## നെടുമങ്ങാട് സ്ഥാപിക്കുന്ന റവന്യൂ ടവർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി നെടുമങ്ങാട് റവന്യൂ ടവർ അനുവദിച്ചിരുന്ന പ്രകാരം പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് ഡി.പി.ആർ. തയ്യാറാക്കി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സമർപ്പിച്ച ഫയലിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 25 റവന്യൂ ടവറുകളുടെയും, മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി സർക്കാരിന്റെ 31-8-18-ലെ സ.ഉ(സാധാ)നം.3570/18/റവ നമ്പർ പ്രകാരം ഉത്തരവാകുകയും 330 കോടി രൂപയുള്ള പദ്ധതി അടങ്കലിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നെടുമങ്ങാട് റവന്യൂ ടവർ നിർമ്മാണം കിഫ്ബി ധനസഹായത്തോടുകൂടിയുള്ളതാണ്. ടി സാഹചര്യം നിലനിൽക്കവേ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ച പ്രസ്തുത പദ്ധതിയ്ക്കായുള്ള 9,75,00,000/- രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | നെടുമങ്ങാട് സ്ഥാപിക്കാനുദ്ദേശിക്കുന്ന റവന്യൂ ടവർ, 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിരിക്കുന്ന ഭവന നിർമ്മാണ ബോർഡിന്റെ' ചുമതലയിൽ നിന്ന് ഒഴിവാക്കി പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ വിഭാഗത്തെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ കത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ബി) | ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പരിശോധിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ